# സൃഷ്ടാവിനെ അറിയുക

## സഭാപ്രസംഗി 12:1

**"നിന്റെ യൗവനകാലത്ത് നിന്റെ സൃഷ്ടാവിനെ ഓർത്തുകൊള്ളുക."**

ഒരു വ്യക്തിയുടെ ജീവിതത്തിന്റെ ഏറ്റവും മനോഹരമായ കാലഘട്ടമെന്നു വിളിക്കുവാൻ കഴിയുന്ന കാലമാണ് യൗവനകാലം. എന്നാൽ ലോകത്തിന്റെ മോഹത്തിലേക്കും താത്പര്യങ്ങളിലേക്കും വീണുപോകാനും ദൈവത്തിൽ നിന്ന് അകന്നു പോകാനും ഏറെ സാധ്യതയേറിയ ഒരു കാലഘട്ടം കൂടിയാണിത്. അനേകം കാര്യങ്ങളെ ചൊല്ലി മനസ്സ് വേവലാതിപ്പെട്ട് ഓടുമ്പോൾ ദൈവവചനം നമ്മെ പഠിപ്പിക്കുന്നത് നമ്മുടെ സൃഷ്ടാവായ ദൈവത്തിങ്കലേക്ക് നോക്കിക്കൊണ്ട് ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാനാണ്. എന്നാൽ ജീവിതത്തിന്റെ നല്ല കാലഘട്ടം കഴിഞ്ഞ് വാർദ്ധക്യത്തിലെത്തി മറ്റൊന്നും ചെയ്‌വാനില്ലാതെ ശക്തി ക്ഷയിച്ച് ഇരിക്കുമ്പോൾ ദൈവത്തെപ്പറ്റി ചിന്തിക്കാമെന്നും പ്രാർത്ഥനാജീവിതം നയിക്കാമെന്നുമാണ് മിക്ക വ്യക്തികളും ചിന്തിക്കുന്നത്. എന്നാൽ ദൈവത്തിൽ നിന്ന് ജ്ഞാനം ലഭിച്ച ശലോമോൻ രാജാവ് തന്റെ ജീവിതാനുഭവങ്ങളിലൂടെ നമ്മോട് വിളിച്ചു പറയുന്നത് നാം മറന്നു പോവരുത്.

മായയായ ഈ ലോകത്തിൽ തിന്നും, കുടിച്ചും, ആനന്ദിച്ചും ജീവിച്ച്, മതിയാവോളം ലോകസുഖങ്ങൾ ആസ്വദിച്ച്, നമ്മുടെ യൗവനം പാഴാക്കിയാൽ, ഒരുപക്ഷെ അനുതപിക്കുവാനായി ഒരു വാർദ്ധക്യം ലഭിച്ചില്ലെന്നു വരാം. ഇന്ന് കണ്ട് നാളെ വാടുന്ന പൂവിനെപോലെ ക്ഷണികമായ ഈ ലോകജീവിതത്തിൽ ദൈവം തരുന്ന ആയുസ്സ്, ആരോഗ്യം എല്ലാം അവനായി സമർപ്പിച്ചുകൊണ്ട് ദൈവഹിതപ്രകാരം ജീവിക്കാൻ കഴിഞ്ഞാൽ അതല്ലേ പൂർണ്ണതയുള്ള ആയുസ്സ്. അതുകൊണ്ട് നമ്മുടെ ജീവിതത്തിന്റെ വസന്തകാലത്തിൽ നമുക്ക് ബോധിച്ചവണ്ണം നടക്കാതെ, ദൈവീകമല്ലാത്ത വഴികളെ വിട്ട് തിരിഞ്ഞ്, നമ്മുടെ സൃഷ്ടാവിൽ സന്തോഷിക്കുന്നവരായും, പിതാവിന്റെ ഹിതം നിറവേറ്റുന്നവരുമായി മാറാം. കാരണം നമ്മെ ന്യായവിസ്താരത്തിലേക്ക് വരുത്തുന്ന ഒരു ദിവസം ഉണ്ടെന്ന് വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഒരുവൻ ശരീരത്തിലിരിക്കുമ്പോൾ ചെയ്തതിന് തക്കവണ്ണമുള്ള പ്രതിഫലമാണ് നാം നിത്യതയിൽ പ്രാപിക്കുന്നത്. അതുകൊണ്ട് ദൈവത്തിന്റെ മന്ദിരമാകുന്ന നമ്മുടെ ശരീരങ്ങളെ വിശുദ്ധിയോടെ സൂക്ഷിച്ച് ആത്മമനസ്സുകളെ തിരുരക്തത്താൽ കഴുകി ശുദ്ധിയുള്ളവരായി മാറാം. കാരണം സഭാപ്രസംഗി 12:13 ൽ വചനം ഇപ്രകാരം പറയുന്നു, എല്ലാത്തിന്റെയും സാരം കേൾക്കുക, ദൈവത്തെ ഭയപ്പെട്ട് അവന്റെ കൽപനകളെ പ്രമാണിച്ചുകൊള്ളുക, അതാകുന്നു സകലമനുഷ്യർക്കും വേണ്ടത്. അതിനാൽ നമ്മുടെ

ജീവിതം പൂർണ്ണമായും ദൈവകരങ്ങളിലേക്ക് കൊടുക്കാം. എല്ലാത്തിനുമുള്ള സ്വാതന്ത്ര്യം ദൈവം നമുക്ക് നൽകിയിരിക്കുമ്പോൾ നൈമിഷികമായ സന്തോഷങ്ങൾക്കു വേണ്ടി നിത്യമായതിനെ നഷ്ടപ്പെടുത്താതെ ജീവിക്കാം. ലോകത്തോടു ചേരാതെ ദൈവത്തോടു ചേർന്ന് ജീവിതത്തിന്റെ എല്ലാ കാലഘട്ടവും ആനന്ദിക്കാം. അതിനായി ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം:**

**1 തിമൊഥെയോസ് 4:12**

ആരും നിന്റെ യൗവനം തുച്ഛീകരിക്കരുത്. വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്കുക.

**സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 089**